# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1249:** **30.9.2011 ന് മറുപടിയ്ക്ക്**

## *ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ.*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. പി.കെ. ബഷീർ:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. പി.ബി. അബ്ദുൾ റസാക്: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഏതാനും ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ 2006-ൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടിരുന്നോ; | (എ) ആവശ്യപ്പെട്ടിരുന്നു. |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനായി സംസ്ഥാന ട്രെയിനിംഗ് ഡയറക്ടർ 21.4.2010 - ന് 68.90 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) സമർപ്പിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;<br><br>(ഡി) കേന്ദ്ര പ്ലാനിംഗ് കമ്മീഷനിൽ നിന്ന് എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ;<br><br>(ഇ) പ്രസ്തുത പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ കേന്ദ്രം പ്രസ്തുത പദ്ധതി ഉപേക്ഷിച്ചോ എന്ന കാര്യം ഉറപ്പുവരുത്തുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | *(സി), (ഡി) & (ഇ)* പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത വിഷയം സംസ്ഥാനത്തുനിന്നുള്ള എം.പി.മാരുടെ യോഗത്തിലെ അജണ്ടയിൽ ഉൾപ്പെടുത്തുകയും പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്ലാനിംഗ് കമ്മീഷനിൽ നിന്നോ കേന്ദ്ര ഗവൺമെന്റിൽ നിന്നോ ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ